പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5481

01/07/2014-ൽ മറുപടിയ്ക്ക്

## ഇ-ഓഫീസ് സംവിധാനം

| ചോദ്യം<br>ശ്രീ.റ്റി. എൻ. പ്രതാപൻ<br>,, കെ. ശിവദാസൻ നായർ<br>,, എ.പി. അബ്ദുള്ളക്കുട്ടി<br>,, എം. പി. വിൻസെന്റ് | ഉത്തരം<br>ശ്രീ.പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
|---|---|
| എ) സർക്കാർ ഓഫീസുകളിൽ ഐ. ടി മിഷന്റെ ആഭിമുഖ്യത്തിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ യെന്ന് വിശദമാക്കുമോ; | എ) സർക്കാർ ഓഫീസുകളിൽ ഐ. ടി മിഷന്റെ ആഭിമുഖ്യത്തിൽ 'ഇ-ഓഫീസ്' സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. സെക്രട്ടേറിയറ്റിലെ എല്ലാവകുപ്പുകളിലും 'ഇ-ഓഫീസ്' സംവിധാനം നടപ്പിലാക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. ടി സംവിധാനം രണ്ട് ഘട്ടങ്ങളായി നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിനാണ് (NIC) സെക്രട്ടേറിയറ്റിൽ ടി സംവിധാനം നടപ്പാക്കുന്നതിന്റെ ചുമതല. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | ബി) ഫയലുകളുടെ നീക്കം വേഗത്തിലും കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുക എന്നതാണ് 'ഇ-ഓഫീസ്' സംവിധാനം നടപ്പിലാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യം. വിവരസാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി സർക്കാർ സംവിധാനങ്ങളുടെ നവീകരണവും ഇതുവഴി സാദ്ധ്യമാകുന്നു. |
| സി) ഏതെല്ലാ ഓഫീസുകളിലാണ് ആദ്യ ഘട്ടത്തിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നത്; വിശദമാക്കുമോ; | സി) ആദ്യ ഘട്ടത്തിൽ സെക്രട്ടേറിയറ്റിലെ 17 വകുപ്പുകളിലും രണ്ടാം ഘട്ടത്തിൽ 23 വകുപ്പുകളിലുമാണ് ' ഇ-ഓഫീസ്' നടപ്പിലാക്കുന്നത് |
| ഡി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി പൊതുജനങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) 'ഇ-ഓഫീസ് ' പ്രധാനമായും ഓഫീസുകളിൽ ഫയൽ പ്രോസസിംഗിനു വേണ്ടി രൂപകൽപന ചെയ്ത സംവിധാനമാണ്. ടി സംവിധാനത്തിൽ ഫയൽ പ്രോസസിംഗ്, ഫയൽനീക്കം എന്നിവ പരിപൂർണമായും കമ്പ്യൂട്ടർ വൽക്കരിക്കപ്പെടുന്നു. ഇതുവഴി ഓഫീസുകൾ കൂടുതൽ കാര്യക്ഷമമാകും, "സർക്കാർ നടപടികൾ വേഗത്തിലാക്കുവാനും ഇത് ഉപകരിക്കും. |

സെക്ഷൻ ഓഫീസർ